(2) മലയാളചലച്ചിത്ര വ്യവസായം നേരിടുന്ന പ്രതിസന്ധി

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, മലയാള ചലച്ചിത്ര വ്യവസായം നേരിടുന്ന ഗുരുതരമായ ഒരു പ്രതിസന്ധിയെ സംബന്ധിച്ചാണ് ഞാൻ സഭയുടെ ശ്രദ്ധ ക്ഷണിക്കുന്നത്. എണ്ണത്തിലും ഗുണമേൻമയിലും നമ്മുടെ രാജ്യത്തെ മറ്റ് ഭാഷാചിത്രങ്ങളെ അപേക്ഷിച്ച് ഏറ്റവും മുന്നിൽ നിന്നിരുന്നതായിരുന്നു മലയാള സിനിമ. ഇന്ന് മലയാള സിനിമ വലിയ പ്രതിസന്ധിയിലാണ്. വർഷത്തിൽ ഏതാണ്ട് 130 കഥാചിത്രങ്ങൾ വരെ നിർമ്മിക്കപ്പെട്ടിരുന്ന മലയാളത്തിലെ കഥാസിനിമകളുടെ എണ്ണം പകുതിയിൽ താഴെയായിട്ടുണ്ട്. കഴിഞ്ഞ വർഷം 55 സിനിമകളാണ് നിർമ്മിക്കപ്പെട്ടിട്ടുള്ളത്.

മി. സ്പീക്കർ : കാണാൻ കൊള്ളാവുന്ന സിനിമകളും വേണ്ടേ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, കാണാൻ കൊള്ളാവുന്ന സിനിമകളുടെ കാര്യം വളരെ വളരെ പരിതാപകരമാണ്. കാണാൻ കൊള്ളരുതാത്ത സിനിമകൾക്കാണ് കുറെയെങ്കിലും പിടിച്ചുനിൽക്കാൻ കഴിയുന്നത് എന്നുള്ളതാണ് പൊതുവായിട്ടുള്ള സ്ഥിതി. ഇപ്പോൾ നിർമ്മിക്കപ്പെടുന്ന സിനിമകളിൽ പകുതിയലധികവും മുടക്കുമുതൽ തിരിച്ചു കിട്ടാതെ നഷ്ടത്തിലാകുന്ന സ്ഥിതിയാണുള്ളത്. ആഗോള തലത്തിൽ വളരെ വർഷങ്ങൾക്കുമുൻപ് തുടങ്ങിയ സിനിമാവ്യവസായത്തിലെ പ്രതിസന്ധിയുടെ ഒരു തുടർച്ചയാണെന്ന് വേണമെങ്കിൽ ഇതിനെ നമുക്ക് കാണാൻവേണ്ടി കഴിയും. ടെലിവിഷന്റെയും സാറ്റലൈറ്റ് ചാനലുകളുടെയും കടന്നുകയറ്റം 25 വർഷങ്ങൾക്കുമുൻപുതന്നെ വ്യവസായ സിനിമയുടെ മക്കയെന്ന് അറിയപ്പെടുന്ന ഹോളിവുഡിനെ തകർത്തുവെന്നുള്ളതാണ് സത്യം. അവിടെ പല സ്റ്റുഡിയോകളും അടച്ചുപൂട്ടുകയും ലോക കമ്പോളത്തെ ലക്ഷ്യമാക്കി നിർമ്മിക്കപ്പെട്ടിരുന്ന ഹോളിവുഡ് സിനിമകളുടെ എണ്ണം കുറയ്ക്കുകയും ചെയ്തു. ഇൻഡ്യയെപ്പോലുള്ള മൂന്നാം ലോക രാഷ്ട്രങ്ങളിൽ സാറ്റലൈറ്റ് ചാനലുകളും അടുത്ത കാലത്താണ് നമ്മുടെ വീടുകളുടെ സ്വീകരണമുറികളിൽ കടന്നുകയറി പ്രേക്ഷകരെ പാട്ടിലാക്കിയത് എന്നുമാത്രം. സ്വാഭാവികമായും തിയേറ്ററുകളിൽ പോയി സിനിമ കണ്ടിരുന്ന പ്രേക്ഷകരുടെ എണ്ണം ഇന്ന് കുറയുകയാണ്. പല കഥാസിനിമകളുടെയും സാമ്പത്തിക വിജയത്തെ ഇത് വല്ലാതെ ബാധിച്ചിട്ടുണ്ട്. സിനിമാ നിർമ്മാണ ചെലവിന്റെ കാര്യത്തിൽ അഭൂതപൂർവ്വമായിട്ടുള്ള വർദ്ധനവാണ് കഴിഞ്ഞ പത്തു വർഷക്കാലത്തിനിടയിലുണ്ടായിട്ടുള്ളത്. പത്തുവർഷത്തിനുമുൻപ് 25 ലക്ഷം രൂപയ്ക്ക് ഒരു മലയാള വർണ്ണ സിനിമ പൂർത്തിയാക്കാൻ കഴിയുമായിരുന്നുവെങ്കിൽ ഇന്ന് ഒരു കോടി രൂപ മുടക്കിയാലും ചിത്രം പൂർത്തിയാക്കാൻ കഴിയാത്ത ഒരവസ്ഥയുണ്ട്. സൂപ്പർതാരങ്ങൾ, ചില പ്രധാനപ്പെട്ട ആർട്ടിസ്റ്റുകൾ ഇന്ന് സിനിമയുടെ പ്രധാനപ്പെട്ട ഘടകമായി മാറിയിട്ടുണ്ട്. അവർ ഏകപക്ഷീയമായിട്ട് സിനിമാവ്യവസായത്തിൽ അടിച്ചേൽപ്പിച്ചിട്ടുള്ള വമ്പിച്ച പ്രതിഫല വർദ്ധനവ് മലയാള സിനിമയുടെ ഈ നിർമ്മാണച്ചെലവിനെ വല്ലാതെ ബാധിച്ചിട്ടുണ്ടെന്നുള്ളത് സത്യമാണ്. അതുപോലെതന്നെ നെഗറ്റീവ്, പോസിറ്റീവ് ഫിലിമുകൾ തുടങ്ങി സിനിമാനിർമ്മാണത്തിനാവശ്യമായിട്ടുള്ള അസംസ്കൃത വസ്തുക്കളുടെ വിലയിൽ വന്നിട്ടുള്ള വമ്പിച്ച വർദ്ധനവ് ഈ സിനിമാവ്യവസായത്തെ പ്രതികൂലമായി ബാധിക്കുകയാണ്. ഫോട്ടോഗ്രാഫി ഫിലിമിന്റെ സെയിൽസ്ടാക്സുതന്നെ പരിശോധിച്ചു നോക്കിയാൽ ചെറിയ ക്യാമറകളിലും വലിയ മൂവി ക്യാമറകളിലും ഒരേ തരത്തിൽ സെയിൽസ്ടാക്സ് ഈടാക്കുന്നതായിട്ടുള്ള സമ്പ്രദായമുണ്ട്. 8 ശതമാനംവരെ സെയിൽസ്ടാക്സ് ഈടാക്കുകയാണ്. കഴിഞ്ഞവർഷം 55 മലയാളചിത്രം ഇറങ്ങി. ഒരു സിനിമയ്ക്ക് ഏതാണ്ട് 8 ലക്ഷം രൂപയുടെ നെഗറ്റീവും 2 ലക്ഷം രൂപയുടെ പോസിറ്റീവും ആവശ്യമാണ്. ഏതാണ്ട് 10 ലക്ഷം രൂപയുടെ ഫിലിം ആവശ്യമാണ്. ഏതാണ്ട് അഞ്ചരക്കോടി രൂപയുടെ ബിസിനസ്സാണ് ഈ 55 സിനിമകൾക്കുവേണ്ടി ഫിലിമിന്റെ വിപണനത്തിലൂടെ കേരള

LIBRARY ARCHIVES Kerala Legislative Assembly

ത്തിനകത്ത് നടക്കേണ്ടത്. പക്ഷെ ഈ 8 ശതമാനം സെയിൽസ്ടാക്സ് ഈടാക്കുന്ന ഒരു വ്യവസ്ഥ ഇവിടെ നിലനിറുത്തിക്കൊണ്ട് ഈ അഞ്ചര ക്കോടി രൂപയുടെ ബിസിനസ് കേരളത്തിനകത്ത് നടക്കുന്നില്ല. എല്ലാ നിർമ്മാ താക്കളും സെയിൽസ്ടാക്സ് ഇളവ് അനുവദിച്ചിട്ടുള്ള തമിഴ്നാട്ടിലേയ്ക്ക് പോവുകയാണ്. അവിടെപ്പോയി ഈ റാ ഫിലിം വാങ്ങുന്നതായ ഒരു സ്ഥിതി യുമുണ്ട്. അപ്പോൾ ആ രൂപത്തിൽ നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക മായിട്ടുള്ള സ്ഥിതിയെയും ബാധിക്കുന്നുണ്ട്. വിദേശ രാജ്യങ്ങളിൽനിന്നും ഉൽപ്പാദിപ്പിച്ച് പ്രദർശനത്തിന് ഇവിടെ എത്തുന്ന നിലവാരം കുറഞ്ഞ, വാണിജ്യപരം മുറ്റിനിൽക്കുന്ന കച്ചവട സിനിമകളുടെ പ്രദർശനവും വിപണ നവും മലയാള സിനിമയ്ക്ക് ഇന്ന് വലിയൊരു ആഘാതമായിട്ടുണ്ട്. നാലോ അഞ്ചോ ലക്ഷം രൂപ ചെലവഴിച്ച് ഏതെങ്കിലും ഒരു വിദേശ സിനിമയുടെ പ്രിന്റുമായിട്ട് വന്ന് തീയേറ്ററുകളെ സ്വാധീനിക്കുന്ന ആളുകളെ കാണാൻ കഴിയും. അവർക്ക് വളരെപ്പെട്ടെന്നുതന്നെ, രണ്ടാഴ്ചക്കാലം കൊണ്ടുതന്നെ മുടക്കുമുതലോ അതിന്റെ പത്തിരട്ടിയോ ലാഭമുണ്ടാക്കാൻ കഴിയുമ്പോൾ ഒരു കോടി രൂപ ചെലവഴിച്ച് നിർമ്മിക്കുന്ന സിനിമകൾക്ക് തീയേറ്ററുകളിൽ വേണ്ടത്ര സൗകര്യം കിട്ടാത്ത സ്ഥിതിയുണ്ട്. നമ്മുടെ സംസ്ഥാനത്ത് മലയാള സിനിമാവ്യവസായത്തെ തകർക്കുന്നതിൽ അനധികൃതമായിട്ടുള്ള വീഡിയോ ചിത്രനിർമ്മാണവും പ്രദർശനവും ഒരു പ്രധാനപ്പെട്ട പങ്ക് വഹിക്കുന്നുണ്ട്. തീയേറ്ററിൽ ഒരു സിനിമ ഇറങ്ങുന്ന ദിവസംതന്നെ വ്യാജമായിട്ട് ആ സിനിമ യുടെ കാസറ്റുകളുണ്ടാക്കുന്ന ഒരു സമ്പ്രദായമുണ്ട്. അത് ഫലപ്രദമായി തട യുന്നതിനുവേണ്ടിയുള്ള ഒരു നടപടിയും സ്വീകരിക്കാൻ നമുക്ക് കഴിയുന്നില്ല. അത്തരം വ്യാജകാസറ്റുകളുടെ വിപുലമായിട്ടുള്ള വിതരണം യഥാർത്ഥത്തി ലുള്ള സിനിമാവ്യവസായത്തെ തകർക്കുകയാണ്. തീയേറ്ററുകൾ പലതും അട ച്ചുപൂട്ടൽ ഭീഷണിയെ നേരിടുകയാണ്. ഫിലിംസ് ഡിവിഷന്റെ കണക്കനുസരി ച്ചുതന്നെ 1800 തിയേറ്ററുകൾ കേരളത്തിലുണ്ട്. അതിൽ 841 തീയേറ്ററുകൾ താൽക്കാലികമായ തീയേറ്ററുകളാണ്. കേരളത്തിൽ പ്രവർത്തിക്കുന്ന 1800-ഓളം തീയേറ്ററുകളിൽ നിന്ന് പ്രതിവർഷം 300 കോടി രൂപയുടെ ബിസിന സ്സാണ് ഈ കേരളത്തിനകത്ത് നടക്കുന്നത്. എന്റർടെയിൻമെന്റ് ടാക്സ് ഏതാണ്ട് 33 ശതമാനമാണ്. എന്നു പറഞ്ഞാൽ 100 കോടി രൂപ സർക്കാരിന് നികുതിയിനത്തിൽ കിട്ടുന്ന ഏറ്റവും വലിയ വ്യവസായമാണ് ഇത്. പ്രതി വർഷം 100 കോടി രൂപ സർക്കാരിന് നികുതിയിനത്തിൽ കിട്ടുന്ന ഈ വ്യവ സായത്തെ പ്രോൽസാഹിപ്പിക്കുന്നതിനുവേണ്ടി ഈ ഗവൺമെന്റ് മാത്രമല്ല, ഒരു ഗവൺമെന്റും താൽപ്പര്യപൂർവ്വം മുന്നോട്ടുവരാൻ തയ്യാറായിട്ടില്ല. 1800 തീയേറ്ററുകളിൽനിന്നായി ടാക്സ് ഇനത്തിൽ അടയ്ക്കുന്ന 100 കോടി രൂപ യുടെ പത്തുശതമാനംപോലും ഒരു സാമ്പത്തികവർഷം സിനിമാവ്യവസായ ത്തിന്റെ വളർച്ചയ്ക്കുവേണ്ടി ചെലവഴിക്കാൻ തയ്യാറാകുന്നില്ലെന്നുള്ള ഒരു ദുര വസ്ഥ യഥാർത്ഥത്തിൽ ഇന്ന് നിലനിൽക്കുകയാണ്. വീഡിയോ പാർലറി ന്റെയും ചാനൽ ടി.വി.കളുടെയും വരവോടുകൂടി തീയേറ്ററുകളിൽ പോയി സിനിമ കാണുന്ന ആളുകളുടെ എണ്ണം ഗണ്യമായിട്ട് കുറഞ്ഞിരിക്കുകയാണ്. പ്രദർശനശാലകൾ പലതും നഷ്ടത്തിലേയ്ക്ക് മാറിക്കൊണ്ടിരിക്കുകയാണ്. 1800-ഓളം വരുന്ന തീയേറ്ററുകളിൽ കഴിഞ്ഞ രണ്ടരവർഷത്തിനകത്ത് 300 തീയേറ്ററുകൾ പൂട്ടിക്കഴിഞ്ഞുവെന്ന് പറഞ്ഞാൽ അതിൽ പണിയെടുത്തിരുന്ന ഏതാണ്ട് മൂവായിരത്തിലധികം ജീവനക്കാരുടെ കാര്യം കഷ്ടത്തിലായിട്ടു ണ്ടെന്നുള്ളത് കാണണം. പലതും ഷോപ്പിംഗ് കോംപ്ലക്സുകളോ കല്ല്യാണമ ണ്ഡപങ്ങളോ ആയി മാറുന്നതായിട്ടുള്ള ഒരു സ്ഥിതിയുണ്ട്. ഏഴുലക്ഷ ത്തോളം ആളുകൾ പണിയെടുക്കുന്ന വ്യവസായമാണ് മലയാള സിനിമാ വ്യവസായം. ഏഴുലക്ഷത്തോളം ആളുകൾ എന്നു പറഞ്ഞാൽ നേരിട്ടല്ല, പരോക്ഷമായിട്ടും പണിയെടുക്കുന്നവരുണ്ട്. ഏഴുലക്ഷം കുടുംബങ്ങളുടെ പ്രശ്നമാണ് ഞാൻ പറയുന്നത്. എന്റർടെയിൻമെന്റ് ടാക്സ് കണ്ണിൽ ചോരയി

LIBRARY ARCHIVES Kerala Legislative Assembly

ല്ലാതെ ഈടാക്കുന്നതായ ഒരു സമ്പ്രദായമാണ് നിലനിൽക്കുന്നത്. 33% ടാക്സ് ഈടാക്കുകയാണ്. തൊട്ടടുത്ത ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ ടാക്സ് ഇളവ് കൊടുക്കുന്നുണ്ട്. കർണ്ണാടകത്തിലും ആന്ധ്രയിലും തമിഴ്നാട്ടിലുമെല്ലാം തന്നെ അവിടെ പൂർണ്ണമായിട്ടും നിർമ്മിക്കുന്ന ചലച്ചിത്രങ്ങൾക്ക് ടാക്സ് ഇളവ് ചിലയിടത്ത് പൂർണ്ണമായിട്ടും അനുവദിച്ചിട്ടുണ്ട്. മറ്റു ചില സംസ്ഥാനങ്ങളിൽ ഭാഗികമായിട്ട് ചില വ്യവസ്ഥകളോടുകൂടി ഇളവ് അനുവദിക്കാൻ തയ്യാറായിട്ടുണ്ട്. കേരളത്തിനകത്ത് പൂർണ്ണമായിട്ട് നിർമ്മിക്കുന്ന ചിത്രങ്ങൾക്ക് ടാക്സ് ഇളവ് അനുവദിക്കാൻ വേണ്ടിയുള്ള നടപടി ഗവൺമെന്റ് സ്വീകരിച്ചുതന്നെ തീരണം. പുറത്തുനിന്ന് വരുന്ന അന്യഭാഷാചിത്രങ്ങൾക്ക്, ഹിന്ദി ചിത്രങ്ങൾക്കോ തമിഴ് ചിത്രങ്ങൾക്കോ കന്നഡ ചിത്രങ്ങൾക്കോ ഇംഗ്ലീഷ് ചിത്രങ്ങൾക്കോ ഡബ് ചെയ്തുവരുന്ന ചിത്രങ്ങൾക്കോ അധിക ടാക്സ് ചുമത്തുന്നതിന് ഞങ്ങളാരും എതിരല്ല. പക്ഷെ കേരളത്തിനകത്ത് നിർമ്മിക്കുന്നതായിട്ടുള്ള എല്ലാ മലയാള സിനിമകൾക്കും ടാക്സ് ഇളവ് അനുവദിക്കുക എന്ന ശക്തമായിട്ടുള്ള നടപടി സ്വീകരിക്കുന്നത് നമ്മെ ഒരു തരത്തിലും ദോഷകരമായി ബാധിക്കുകയില്ല. അന്യഭാഷാചിത്രങ്ങൾക്ക് ടാക്സ് കൂടുതൽ ഏർപ്പെടുത്തുന്നതിലൂടെ നമ്മുടെ സംസ്ഥാനത്തെ വരുമാനം വർദ്ധിക്കുമെന്നുള്ള കാര്യത്തിൽ സംശയമില്ല. ആ രൂപത്തിൽ നമ്മുടെ സംസ്ഥാനത്തെ സിനിമാവ്യവസായത്തെ രക്ഷിക്കാനാവശ്യമായിട്ടുള്ള നടപടി സ്വീകരിക്കാൻ കഴിയണം.

സർ, ഏഷ്യയിലെതന്നെ പൊതുമേഖലാ സ്ഥാപനമായി ചലച്ചിത്ര വികസന കോർപ്പറേഷന്റെ കീഴിൽ നമ്മുടെ ചിത്രാഞ്ജലി സ്റ്റുഡിയോ ആരംഭിച്ചു. മലയാള സിനിമയെ രക്ഷിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ തീർച്ചയായും ചിത്രാഞ്ജലിയെ ശക്തിപ്പെടുത്തുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കാൻ നമുക്ക് കഴിയേണ്ടതായിട്ടുണ്ട്. ചിത്രാഞ്ജലിയെ ശക്തിപ്പെടുത്താൻ അവിടത്തെ ഉപകരണങ്ങളെല്ലാം തന്നെ അപ്ഡേറ്റാക്കാൻ ആവശ്യമായ, ആധുനികവൽക്കരിക്കാൻ ആവശ്യമായിട്ടുള്ള തുക കണ്ടെത്തണം. വ്യവസായ സ്ഥാപനങ്ങൾക്ക് കോടിക്കണക്കിന് രൂപ നീക്കിവയ്ക്കുന്ന ഒരു ഗവൺമെന്റാണ് ഈ ഗവൺമെന്റ്. ചലച്ചിത്രത്തെ വ്യവസായമായിട്ട് അംഗീകരിച്ചിട്ടുണ്ടെങ്കിലും അതിനെ വ്യവസായമായിട്ട് അംഗീകരിക്കുകയല്ലാതെ വ്യവസായത്തിനുവേണ്ടി നീക്കിവയ്ക്കുന്നതുപോലുള്ള ധനസഹായം നൽകാൻ തയ്യാറായിട്ടില്ല. ചിത്രാഞ്ജലിയെ ആധുനികവൽക്കരിക്കാൻ ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കാൻ കഴിയണം. ഇപ്പോഴും ചലച്ചിത്ര വ്യവസായത്തിന് ആവശ്യമായിട്ടുള്ള സാമ്പത്തിക സഹായം കൊടുക്കാൻ ധനകാര്യ സ്ഥാപനങ്ങൾ മുന്നോട്ടു വരുന്നില്ല. ഇപ്പോഴും ഈ ചലച്ചിത്ര വ്യവസായം തമിഴ്നാട്ടിലെയും ആന്ധ്രയിലെയും മാർവാടികളുടെ ദയാദാക്ഷണ്യത്തിന് വിധേയമാണ്. ഒരു വ്യവസായത്തിന്റെ നിർമ്മാണത്തിനും അതിന്റെ വളർച്ചയ്ക്കും സാമ്പത്തിക സ്ഥാപനങ്ങൾ ധനസഹായം കൊടുക്കാൻ തയ്യാറാകണം. ദൗർഭാഗ്യവശാൽ സിനിമയ്ക്ക് അത് കൊടുക്കാൻ തയ്യാറാകുന്നില്ല. മാർവാഡികളുടെ കൈയിൽനിന്നും വട്ടിപ്പലിശയ്ക്കോ അല്ലെങ്കിൽ വലിയ ബ്ലേഡ് കമ്പനികളിൽ നിന്നോ പണം കടമെടുക്കേണ്ടതായിട്ടുള്ള ഒരു ദുരവസ്ഥയാണ് ഉള്ളത്. ആ രൂപത്തിൽ സാമ്പത്തിക സഹായമടക്കം ധനകാര്യ സ്ഥാപനങ്ങളെക്കൊണ്ട് ന്യായമായ പലിശയ്ക്ക് നൽകിച്ച് ഈ വ്യവസായത്തെ നിലനിറുത്താനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു.

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) : സർ, കേരളത്തിലെ ഗവൺമെന്റ് സിനിമാവ്യവസായത്തെ സംരക്ഷിക്കാൻ ഒരു നടപടിയും എടുക്കുന്നില്ലെന്നുള്ള അഭിപ്രായത്തോട് ഞാൻ യോജിക്കുന്നില്ല. ഒരുപാട് നടപടികൾ നമ്മുടെ കഴിവിനനുസരിച്ച് എടുത്തിട്ടുണ്ട്. പക്ഷെ സിനിമാവ്യവസായത്തിൽ വളരെയധികം പ്രതിസന്ധിയുണ്ടെ

LIBRARY ARCHIVES Kerala Legislative Assembly

ന്നുള്ള വസ്തുത ശരിയാണ്. അത് പരിഹരിക്കാനുള്ള മാർഗ്ഗം ഗവൺമെന്റ് ഇളവ് ചെയ്ത് കൊടുക്കുക എന്ന രീതിയിൽ മാത്രം ഒതുങ്ങി നിൽക്കുന്നതല്ല. മലയാള ചലച്ചിത്ര വ്യവസായം നേരിടുന്ന പ്രതിസന്ധി സിനിമാവ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നവർ വളരെ ബുദ്ധിപരമായ രീതിയിൽ കൈകാര്യം ചെയ്യേണ്ടതുണ്ട്. അങ്ങനെ മാത്രമേ ഈ പ്രശ്നം പരിഹരിക്കാൻ കഴിയൂ. സിനിമാ നിർമ്മാണവും കേരളത്തിൽ നിലനിൽക്കുന്ന ഭൗതിക യാഥാർത്ഥ്യങ്ങൾക്ക് പറ്റിയ രീതിയിൽ അച്ചടക്കം നിലനിറുത്തി നടത്തേണ്ടതുണ്ട്. യാഥാർത്ഥ്യബോധത്തോടുകൂടിയതും കാര്യക്ഷമവുമായ മാനേജുമെന്റിലൂടെ മാത്രമേ മലയാള സിനിമാ വ്യവസായം തകരാതെ പിടിച്ചുനിറുത്താനാവൂ. ഈ വ്യവസായത്തെ ആശ്രയിച്ചുകഴിയുന്ന കുടുംബങ്ങൾക്കും തൊഴിൽ ചെയ്യുന്നവർക്കും സുരക്ഷിതത്വമുണ്ടാക്കാനും കഴിയൂ. അച്ചടക്കവും യാഥാർത്ഥ്യ ബോധവും നിലനിറുത്തിയാൽ പ്രതിബന്ധങ്ങൾ ഏറെയാണെങ്കിൽ പോലും വ്യവസായം തകരുകയില്ല. സിനിമയുടെ ചെലവ് വർദ്ധിച്ചിട്ടുള്ളതു പോലെ സിനിമാടിക്കറ്റിന്റെ വിലയും വർദ്ധിച്ചിട്ടുണ്ട്. യാഥാർത്ഥ്യബോധത്തോടുകൂടി സിനിമ നിർമ്മിക്കാൻ കഴിയുമെങ്കിൽ സിനിമാനിർമ്മാണം ലാഭകരമാക്കാൻ കഴിയും. സൂപ്പർ താരങ്ങളുടെ പ്രതിഫല വർദ്ധനവ്, അസംസ്കൃത വസ്തുക്കളുടെ വിലക്കയറ്റം, വിദേശ സിനിമകളുടെ അതിപ്രസരം, അനധികൃത വീഡിയോ ചലച്ചിത്ര നിർമ്മാണവും പ്രദർശനവും തുടങ്ങിയ ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച കാര്യങ്ങൾ സർക്കാരിന് അറിവുള്ളതാണ്. സിനിമാവ്യവസായത്തിലെ തൊഴിലാളികൾക്ക് ജോലിസ്ഥിരതയില്ലാത്ത അവസ്ഥ സിനിമ വ്യവസായമായി അംഗീകരിക്കപ്പെടുമ്പോൾ മാത്രമേ മാറുകയുള്ളൂ. ഈ പ്രശ്നം മുൻനിറുത്തി സംസ്ഥാന ചലച്ചിത്ര അക്കാദമി ഒരു സെമിനാർ സംഘടിപ്പിച്ചിരുന്നു. വിനോദനികുതി സംബന്ധിച്ച കാര്യങ്ങൾ സാംസ്ക്കാരിക വകുപ്പ് അല്ല കൈകാര്യം ചെയ്യുന്നത്. എങ്കിലും അത്യന്തം ഗൗരവകരമായിട്ടുള്ള പ്രശ്നങ്ങളിലേയ്ക്കാണ് ബഹുമാനപ്പെട്ട അംഗം വിരൽ ചൂണ്ടിയിരിക്കുന്നത്. യാഥാർത്ഥ്യബോധത്തോടെ അദ്ദേഹം ഉന്നയിച്ച പ്രശ്നങ്ങളെല്ലാം ഗൗരവത്തോടെതന്നെ ഈ ഗവൺമെന്റ് പരിശോധിക്കുന്നതും നടപടി സ്വീകരിക്കുന്നതുമാണ്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ അദ്ദേഹത്തിന്റെ മാത്രം വകുപ്പിനകത്തു വരുന്നതല്ല, ധനകാര്യ വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും കൂടി യോജിച്ചാൽ മാത്രമേ ഇതിലെ പ്രധാനപ്പെട്ട പല പ്രശ്നങ്ങൾക്കും പരിഹാരം കാണാൻ കഴിയൂ എന്നു പറഞ്ഞു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെയും തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രിയുടെയും സാംസ്കാരിക വകുപ്പുമന്ത്രിയുടെയും നേതൃത്വത്തിൽ ചലച്ചിത്ര വ്യവസായത്തെ ബാധിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതിന് ഈ വ്യവസായത്തോട് താൽപര്യമുള്ളവരുടെ സംഘടനകളെ-അമ്മ തുടങ്ങിയ സംഘടനകളെ വിളിച്ചു ചേർത്ത് ചർച്ച ചെയ്യാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. ടി.കെ. രാമകൃഷ്ണൻ : ഇക്കാര്യം ഗവൺമെന്റ് ആലോചിച്ച് തീരുമാനമെടുക്കുന്നതാണ്.

III. സബ്മിഷൻ

(1) വികലാംഗ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച്

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : സർ, സംസ്ഥാന സർക്കാർ സർവ്വീസിലുള്ള വികലാംഗ ജീവനക്കാരുടെ ചില പ്രശ്നങ്ങളാണ് ഞാൻ ഈ സഭയുടെയും സർക്കാരിന്റെയും ശ്രദ്ധയിൽപ്പെടുത്തുന്നത്. ഇൻഡ്യയുടെ ചരിത്രത്തിൽ ആദ്യമായി ഒരു കോൺഗ്രസിതര സർക്കാർ കേന്ദ്രത്തിൽ അധികാരത്തിൽ വന്നപ്പോൾ 1978-ൽ കേന്ദ്ര സർവ്വീസിൽ വികലാംഗർക്ക് 3% സംവരണം ഏർപ്പെടുത്തി. നമ്മുടെ സംസ്ഥാനത്ത് ഇരുപത്തിനാലായിരത്തോളം

LIBRARY ARCHIVES Kerala Legislative Assembly